"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹ.നോർത്ത് പറവൂർ സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 42/08 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ബാക്കി തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1091/2024/PWD                                        തിരുവനന്തപുരം,തീയതി, 26-10-2024

---

പരാമർശം:-

1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. സ.ഉ(സാധാ)നം.1209/2022/പൊമവ തീയതി 09.12.2022
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.10.2024 ലെ CEPWD/9447/2022-C3(F)-NH നം. കത്ത്.

**<u>ഉത്തരവ്</u>**

ബഹ.നോർത്ത് പറവൂർ സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം. 42/08 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 1,44,315/- രൂപ അനുവദിച്ചിരുന്നു. പ്രസ്തുത കേസിൽ ബാക്കി തുകയായ 282 രൂപ അനുവദിക്കണം എന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹ.നോർത്ത് പറവൂർ സബ് കോടതിയുടെ എൽ.എ.ആർ 42/08 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 282/- രൂപ (ഇരുന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുപ്രിയ സി ഡി
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, മൂവാറ്റുപുഴ
ജില്ലാകളക്ടർ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 28-10-2024 14:32:44
സെക്ഷൻ ഓഫീസർ